**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2118** **01-09-2022 - ൽ മറുപടിയ്ക്ക്**

**എൻ.എച്ച്.എം. നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | എൻ.എച്ച്.എം. ന്റെ കീഴിൽ ശ്രീ അവിട്ടം തിരുനാൾ ആശുപത്രിയിൽ പി.ആർ.ഒ. ആയി സേവനം അനുഷ്ഠിച്ചവരവെ വിദേശത്തേക്ക് പോയി കൃത്യസമയത്ത് തിരികെ വരാതിരുന്ന വ്യക്തിയെ എൻ.എച്ച്.എം. എക്സിക്യൂട്ടീവ് കമ്മിറ്റി തിരികെ ജോലിയിൽ പ്രവേശിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര മാസത്തേക്കാണ് തിരികെ ജോലിയിൽ പ്രവേശിപ്പിച്ചത്; ഏതു സ്ഥാപനത്തിലാണ് നിയമനം നൽകിയത്; വ്യക്തമാക്കാമോ; | (എ) | ഉണ്ട്. തിരുവനന്തപുരം ജില്ലാ പ്രോഗ്രാം മാനേജർ, ശ്രീമതി ഗോപികയെ അഞ്ചുതെങ്ങ് CHC-യിൽ തുടക്കത്തിൽ 3 മാസത്തേക്ക് നിയമിച്ച് ഉത്തരവാകുകയും (ഓർഡർ നമ്പർ 'DPMSU TVPM/1066/PRO/2022/DPMSU Dtd 18/4/2022) ഇതിന്റെയടിസ്ഥാനത്തിൽ 19/4/2022-ന് ശ്രീമതി.ഗോപിക ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുണ്ട്. ഈ നിയമന നടപടി 06/06/2022 ന് കൂടിയ സ്റ്റേറ്റ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ നാല്പത്തിരണ്ടാമത് എസ്സിക്യൂട്ടിവ് കമ്മിറ്റി സാധൂകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വ്യക്തി ഈ സ്ഥാപനത്തിൽ എൻ.എച്ച്.എം. എക്സിക്യൂട്ടീവ് ഉത്തരവിൽ പറഞ്ഞിരുന്ന കാലത്ത് ജോലിയിൽ ഉണ്ടായിരുന്നോ; ഇല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് പ്രസ്തുത വ്യക്തിയെ മറ്റൊരു സ്ഥാപനത്തിലേക്ക് മാറ്റിയത്; ഏതു സ്ഥാപനത്തിലേക്കാണ് മാറ്റിയത്; വ്യക്തമാക്കാമോ; | (ബി) | NHM കരാർ ജീവനക്കാർക്ക് കഴിഞ്ഞ സാമ്പത്തികവർഷത്തെ പെർഫോമൻസ് വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ ശമ്പളം സംരക്ഷിച്ചുകൊണ്ട് പുതിയ കരാറിൽ അടുത്ത സാമ്പത്തികവർഷത്തേക്കു നിയമനം നൽകുകയാണ് ചെയ്യുന്നത്. ഇങ്ങനെ ജീവനക്കാർ അടുത്ത സാമ്പത്തികവർഷത്തേക്ക് പുതിയ കരാറിൽ ഏർപ്പെടുന്ന സമയം പ്രസ്തുത പി.ആർ.ഒ തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നില്ല.<br>സ്റ്റേറ്റ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ നാല്പത്തിരണ്ടാമത് എക്സിക്യൂട്ടിവ് കമ്മിറ്റി 06/06/2022-ന് കൂടിയാണ് തീരുമാനങ്ങൾ എടുത്തിട്ടുള്ളത്.<br>പ്രസ്തുത പി ആർ ഓ തിരികെ ജോലിയിൽ പ്രവേശിച്ചത് ജില്ലാ പ്രോഗ്രാം മാനേജറുടെ ഉത്തരവ് : 'DPMSU-TVPM/1066/PRO/2022/DPMSU Dtd 18/4/2022' പ്രകാരം അഞ്ചുതെങ്ങ് CHC-യിൽ 19/4/2022നു ആണ്.<br>തത്സമയം ഒഴിവുള്ള സ്ഥലത്താണ് നിയമിച്ചുത്തരവായത്. |
| (സി) | 2022 ഏപ്രിൽ 2 ന് കരാർ നീട്ടി നൽകിയ | (സി) | പുതിയ സ്റ്റാഫ് ആയല്ല നിയമനം. |

| | | | |
|---|---|---|---|
| | ജീവനക്കാരുടെ ലിസ്റ്റിൽ ഇല്ലാത്ത പ്രസ്തുത വ്യക്തിയെ പുതിയ സ്റ്റാഫ് ആയാണോ ഉൾപ്പെടുത്തിയിരിക്കുന്നത്; അല്ലെങ്കിൽ എന്തടിസ്ഥാനത്തിലാണ് സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തി ശമ്പളം ഉൾപ്പടെയുള്ള മുഴുവൻ ആനുകൂല്യങ്ങളും നൽകുന്നതെന്ന് വ്യക്തമാക്കാമോ? | | എല്ലാ ജീവനക്കാർക്കും കഴിഞ്ഞ സാമ്പത്തികവർഷത്തെ പെർഫോമൻസ് വിലയിരുത്തലിന്റെയടിസ്ഥാനത്തിൽ ശമ്പളം സംരക്ഷിച്ചുകൊണ്ട് പുതിയ കരാറിൽ അടുത്ത സാമ്പത്തികവർഷത്തേക്കു നിയമനം നൽകുകയാണ് ചെയ്യുന്നത്. പ്രസ്തുത പി ആർ ഓ ഈ സമയം തിരികെ ജോലിയിൽ പ്രവേശിച്ചിരുന്നില്ല. കോവിഡ് സാഹചര്യം ഉൾപ്പെടെ കണക്കിലെടുത്തു എസ്‌സിക്യൂട്ടിവ് കമ്മിറ്റി സാധൂകരണത്തിനു വിധേയമായിട്ടാണ് പുതിയകരാറിൽ നിയമനം നൽകിയത്.<br>പ്രസ്തുത നടപടി സ്റ്റേറ്റ് ഹെൽത്ത് ആൻഡ് ഫാമിലി വെൽഫെയർ സൊസൈറ്റിയുടെ നാല്പത്തിരണ്ടാമത് എക്സിക്യൂട്ടിവ് കമ്മിറ്റി സാധൂകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ